**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 262 18/06/2019-ൽ മറുപടിയ്ക്ക്

## പഠനനിലവാരം ഉയർത്തുന്നതിനായി ശ്രദ്ധ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ. പി. ഉണ്ണി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) വിവിധ കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ശ്രദ്ധ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തി പി.റ്റി.എയുടെ സഹകരണത്തോടെ 'ശ്രദ്ധ' പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നു. |
| (സി) ക്ലാസ്സുകൾ നൽകുന്നതിനായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഇല്ല. അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ എടുക്കുന്നത്. |
| (ഡി) ശ്രദ്ധയുടെ ഭാഗമായി ഗണിതശാസ്ത്രത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ എന്നും ഇതിനായി പ്രത്യേക പ്രവർത്തന പുസ്തകങ്ങളും മോഡ്യൂളുകളും സ്വയം പഠന പാക്കേജുകളും തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ? | (ഡി) 'ശ്രദ്ധ'യുടെ ഭാഗമായി ഗണിതശാസ്ത്രത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ഗണിത ശാസ്ത്രത്തിൽ അടിസ്ഥാനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കായി പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ മൊഡ്യൂൾ വികസിപ്പിച്ച് നൽകിയിട്ടുണ്ട്. |

Reena
സെക്ഷൻ ഓഫീസർ